പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.439 — 04.06.2018 ൽ മറുപടിയ്ക്ക്

ഭക്ഷ്യധാന്യങ്ങളുടെ വിലക്കയറ്റം

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | ഉത്തരം<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) അരിക്കും പലവ്യഞ്ജനത്തിനും ഉണ്ടായ അമിതമായ വില വർദ്ധനവ് സാധാരണക്കാരുടെ ജീവിതം ബുദ്ധിമുട്ടിലാക്കിയെന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) അരിക്കും പലവ്യഞ്ജനത്തിനും വില കുറയുകയാണ് ഉണ്ടായത്. |
| (ബി) ഭക്ഷ്യധാന്യങ്ങളുടെ വിലക്കയറ്റം നിയന്ത്രിച്ച് ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) കാര്യക്ഷമമായ വിപണിയിടപെടൽ പദ്ധതി വഴി 14 ഇനം സബ്സിഡി സാധനങ്ങളും 28 ഇനം ഫ്രീസെയിൽ സബ്സിഡി ഉൽപ്പന്നങ്ങളും 'ശബരി' ബ്രാൻഡിലുള്ള നിത്യോപയോഗ സാധനങ്ങളും, മറ്റു ബ്രാൻഡഡ് കമ്പനികളുടെ എഫ്.എം.സി.ജി. (Fast Moving Consumer Goods) ഉൽപ്പന്നങ്ങളും സപ്ലൈകോ മിതമായ നിരക്കിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഉത്സവ സീസണുകളിൽ നിലവിലുള്ള വില്പനശാലകൾക്ക് പുറമെ, പ്രത്യേക ഉത്സവ ചന്തകൾ സംഘടിപ്പിച്ചു വരികയും ചെയ്യുന്നു. |
| (സി) അരിവില വർദ്ധനവ് തടയുന്നതിന് വിവിധ ജില്ലകളിൽ ആരംഭിച്ച അരിക്കടകൾ വിജയപ്രദമായിരുന്നോ ; അതിന്റെ പ്രവർത്തനം മൂലം അരിയുടെ പൊതുകമ്പോളത്തിലെ വില പിടിച്ചുനിർത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; | (സി) അരിവില വർദ്ധനവ് തടയുന്നതിനായി ആരംഭിച്ച അരിക്കടകളും സപ്ലൈകോയുടെ എല്ലാ ഔട്ട് ലെറ്റുകളിലും കൂടുതൽ സ്റ്റോക്ക് കുറഞ്ഞവിലയിൽ എത്തിക്കുകവഴി അരിയുടെ പൊതുവിപണിയിലെ വില ഒരു പരിധി വരെ പിടിച്ച് നിർത്തുന്നതിന് സാധിച്ചിട്ടുണ്ട്. |
| (ഡി) സിവിൽ സപ്ലൈസ് സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ ധാന്യങ്ങൾ ഗുണനിലവാരം | (ഡി) സപ്ലൈകോ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണ നിലവാരം ഉറപ്പാക്കുന്നതിന് ഡിപ്പോ തലത്തിലും വിൽപ്പനശാലാ തലത്തിലും |

| | |
|---|---|
| കുറഞ്ഞതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്? | കർശനമായ ഗുണനിലവാര നിയന്ത്രണ സംവിധാനങ്ങൾ നിലവിലുണ്ട്. ഓരോ ജില്ലയിലുമുള്ള ക്വാളിറ്റി അഷ്വറൻസ് ഓഫീസറുടെ മേൽനോട്ടത്തിൽ ഓരോ ഡിപ്പോയിലേയും ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റിയുടെ വിശദമായ പരിശോധനയ്ക്ക് ശേഷമാണ് ഭക്ഷ്യവസ്തുക്കൾ ഡിപ്പോകളിൽ സ്വീകരിക്കുന്നതും ആയവ വിൽപ്പനയ്ക്കായി വിൽപ്പനശാലകളിലേക്ക് അയയ്ക്കുന്നതും. കൂടാതെ ആവശ്യമായ സന്ദർഭങ്ങളിൽ സാമ്പിളുകൾ CFRD/RAL (Regional Analytical Laboratory) മറ്റ് NABL (National Accreditation Board for Testing and Calibration Laboratories) അക്രഡിറ്റഡ് ലാബുകൾ എന്നിവകൾക്ക് നൽകി ഗുണനിലവാരം ഉറപ്പാക്കിയതിനുശേഷമാണ് ആയവ സ്വീകരിക്കുന്നത്. വിൽപ്പനശാലകളിൽ നിന്നും ഡിപ്പോകളിൽ നിന്നും റാൻഡമായി പായ്ക്കറ്റ് ഭക്ഷ്യവസ്തുക്കൾ ഉൾപ്പടെ ശേഖരിച്ച് CFRD മറ്റ് NABL ലാബുകളിൽ ക്രമമായി പരിശോധിച്ചുവരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ